## 592

എന്നെ അറിയുന്ന ദൈവം എന്നെ കരുതുന്ന ദൈവം
എന്നെന്നും മാറാത്ത ദൈവം എന്നെ നടത്തുന്നു ദൈവം

1 അറിയാത്ത വഴികളിൽ നടത്തും തീരാ സ്നേഹത്താൽ നിറയ്ക്കും
വീഴാതെ മരുഭൂവിൽ കാക്കും എന്നെ നടത്തുന്ന ദൈവം-

2 കെരീത്തു വറ്റിയെന്നാലും കാക്കയിൻ വരവു നിന്നാലും
വറ്റാത്ത ഉറവുകൾ തുറക്കും എന്നെ നടത്തുന്ന ദൈവം-

3 അന്നന്നു വേണ്ടുന്നതെല്ലാം അന്നന്നു തന്നെന്നെ പോറ്റും
എന്നെന്നും മതിയായ ദൈവം എന്നെ നടത്തുന്ന ദൈവം-

4 ശോധന എത്ര വന്നാലും ഭാരങ്ങളേറെ വന്നാലും
ആരുമില്ലാതെ വന്നാലും എന്നെ നടത്തുമെൻ ദൈവം- **M.J.P.**